നം.ബി 2/4800/ 2008/ഡി.എം.ഇ                                                    തീയതി 27-03-2008

# മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്
## തിരുവനന്തപുരം

## വിജ്ഞാപനം

2008..ലെ മെഡിക്കൽ പി.ജി. കോഴ്സിലേക്കുള്ള ഇന്റർവ്യൂ തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലുള്ള ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ ഏഡ്യൂക്കേഷനിൽ വച്ച് ***2008 ഏപ്രിൽ മാസം 7 മുതൽ 15 വരെ തീയതികളിൽ*** നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിവിധ സംവരണ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവരും, ജനറൽ റാങ്ക് ലിസ്റ്റിലെ റാങ്ക് പ്രകാരം, അതാത് ദിവസത്തെ കൗൺസിലിംഗിൽ ഹാജരാകേണ്ടതാണ്. കൗൺസലിംഗിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ, **"cee-kerala.org"** എന്ന വെബ് സൈററിൽ നിന്നും ഓപ്ഷൻ ഫാറത്തിന്റെ നിർദ്ദിഷ്ട രൂപം ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. തങ്ങൾ തിരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന വിഷയങ്ങളുടെ ഓപ്ഷൻ പ്രസ്തുത ഫാറത്തിൽ രേഖപ്പെടുത്തിയ ശേഷം ഇന്റർവ്യൂ സമയത്ത് നൽകേണ്ടതാണ്. ഒരിക്കൽ സമർപ്പിച്ച ഓപ്ഷൻ പിന്നീട് മാററാൻ അനുവദിക്കുന്നതല്ല.

പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിലും, സീറ്റുകളുടെ ലഭ്യത അനുസരിച്ചും അഡ്മിഷൻ ലഭിക്കുന്നതാണ്. ഉദ്ധോഗാർത്ഥികൾ നേരിട്ടോ, അധികാരപ്പെടുത്തിയ വ്യക്തി മുഖേനയോ ഇന്റർവ്യൂവിന് ഹാജരാകാം. അധികാരപ്പെടുത്തിയ വ്യക്തി മുഖേന ഹാജരാകുന്നവർ അതിലേയ്ക്കായി പ്രോസ്പെക്ടസ്സിൽ പറഞ്ഞിട്ടുള്ള അധികാരപത്രം പൂരിപ്പിച്ച് നൽകേണ്ടതാണ്. അപേക്ഷകർ പ്രവേശന പരീക്ഷയുടെ അഡ്മിറ്റ് കാർഡും സർട്ടിഫിക്കറ്റുകളുടെ അസ്സലും ഹാജരാക്കേണ്ടതാണ്. ക്ലാസ്സുകൾ 2008 മേയ് മാസം മുപ്പത്തി ഒന്നാം തീയതി ആരംഭിക്കുന്നതാണ്.

ഇന്റർവ്യൂവിന്റെ സമയവും തീയതിയും ചുവടെ ചേർക്കുന്നു.

| തീയതി | സമയം | റാങ്ക് നമ്പർ |
|---|---|---|
| 07-04-2008 | 10 മണി മുതൽ | 001 മുതൽ 075 വരെ |
| | 02 മണി മുതൽ | 076 മുതൽ 150 വരെ |
| 08-04-2008 | 10 മണി മുതൽ | 151 മുതൽ 225 വരെ |
| | 02 മണി മുതൽ | 226 മുതൽ 300 വരെ |
| 09-04-2008 | 10 മണി മുതൽ | 301 മുതൽ 375 വരെ |
| | 02 മണി മുതൽ | 376 മുതൽ 450 വരെ |
| 10-04-2008 | 10 മണി മുതൽ | 451 മുതൽ 550 വരെ |
| | 02 മണി മുതൽ | 551 മുതൽ 650 വരെ |
| 11-04-2008 | 10 മണി മുതൽ | 651 മുതൽ 750 വരെ |

## പട്ടികജാതി/വർഗ്ഗം മാത്രം

11-04-2008 02 മണി മുതൽ 751 മുതൽ 1091 വരെ

## ഐ.എം.എസ് / ഹെൽത്ത് സർവ്വീസ് / മുനിസിപ്പൽ സർവ്വീസ് ക്വാട്ട

15-04-2008 10 മണി മുതൽ പ്രവേശന പരീക്ഷയിൽ യോഗ്യത നേടുകയും ഹെൽത്ത് സർവ്വീസസ്സ് ഡയറക്ടർ/ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർ / മുനിസിപ്പൽ സർവ്വീസ് ഡയറക്ടർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ള എല്ലാപേരും

*ഡയറക്ടർക്കുവേണ്ടി*

പകർപ്പ് :-

1) ഡയറക്ടർ, പബ്ളിക്ക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
2) ന്യൂസ് എഡിറ്റർ, ആകാശവാണി, തിരുവനന്തപുരം, കോഴിക്കോട്
3) ന്യൂസ് എഡിറ്റർ, ദൂരദർശൻ, തിരുവനന്തപുരം
4) പ്രിൻസിപ്പൾ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം,/ ആലപ്പുഴ/തൃശൂർ/കോട്ടയം/കോഴിക്കോട്
5) നോട്ടീസ് ബോർഡ്
6) ഡി.എം.ഇ യുടെ സി.എ/ ജെ.ഡി.എം.ഇ (ജി)/ ജെ.ഡി.എം.ഇ (എം)